ഓർഫനേജ് ബോർഡിന്റെ അംഗീകാരം ഇല്ലാത്ത അനാഥാലയങ്ങൾ

51 [1256] ശ്രീ. റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓർഫനേജ് ബോർഡിന്റെ അംഗീകാരം ഇല്ലാത്ത എത്ര അനാഥാലയങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഓർഫനേജ് ബോർഡിന്റെ അംഗീകാരം ഇല്ലാത്ത അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) അനാഥാലയങ്ങളുടെ അംഗീകാരം സംബന്ധിച്ച് പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) എല്ലാ അനാഥാലയങ്ങളെയും ഏകീകൃത നിയമത്തിൻകീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി,സി,ഡി) വിവരം ശേഖരിച്ചുവരുന്നു.

2004-2005 വർഷത്തെ ബഡ്ജറ്റിൽ വ്യവസായ, സാമൂഹ്യക്ഷേമ വകുപ്പുകളിലെ പദ്ധതികൾക്ക് നീക്കിവച്ച തുക

52 [1257] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-2005 വർഷത്തെ ബഡ്ജറ്റിൽ വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുകളിൽ ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതം നീക്കിവച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും അതിന് എന്തു തുക വീതം ചെലവായെന്നും ബാക്കിയുള്ള പദ്ധതികൾക്ക് എന്തുമാത്രം തുക ചെലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) സർക്കാരിന്റെ നൂറുദിന പരിപാടികളിൽ വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ഇതിന് എന്തു തുക നീക്കിവച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ ഏതെല്ലാം പ്രവർത്തികളാണ് പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ചുള്ള വിവരം †അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികൾ ക്ഷേമ പദ്ധതികളായതിനാൽ എല്ലാം തുടർപദ്ധതികളാണ്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ †അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ സാമൂഹ്യക്ഷേമ വകുപ്പ് താഴെ പറയുന്ന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(1) ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി

അംഗൻവാടികളിലൂടെ പോഷകാഹാരം ലഭിക്കാത്ത കുട്ടികൾക്ക് ക്ഷണം ഭവനങ്ങളിൽ കൊടുത്തുവിടുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 3 ബ്ലോക്കുകളിൽ ഇത് നടപ്പിലാക്കി. ഇതിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്.

(2) മാൽ ന്യൂട്രീഷൻ ഫ്രീ കേരള

കേരള സംസ്ഥാനത്തെ ന്യൂന പോഷകാഹാര വിമുക്ത മേഖലയാക്കു ന്നതിനുള്ള ആക്ഷൻ പ്ലാൻ യൂണിസെഫുമായി യോജിച്ച് തയ്യാറാക്കി 48 ലക്ഷം രൂപയാണ് നടപ്പു സാമ്പത്തികവർഷം ഈ ഇനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്.

(3) തിരുവനന്തപുരം വികലാംഗ തൊഴിൽ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

തിരുവനന്തപുരം വികലാംഗ തൊഴിൽ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 20 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്.

(4) അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി

നടപ്പിലാക്കാൻ തീരുമാനിച്ചു. അതിനായി ബഡ്ജറ്റിൽ 40 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ എല്ലാംതന്നെ തുടർപദ്ധതികളാണ്. വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly